(ഡി) വ്യവസായ പിന്നോക്ക സംസ്ഥാനമായി പ്രഖ്യാപിച്ചാൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി രൂപരേഖ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത രൂപരേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) ഇത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(എച്ച്) വ്യവസായ പിന്നോക്ക സംസ്ഥാനമായി പ്രഖ്യാപിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് ഒരു സർവ്വകക്ഷി പ്രതിനിധി സംഘത്തെ അയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ—ഡി) ഏതെങ്കിലും സംസ്ഥാനത്തെ വ്യാവസായിക പിന്നോക്ക സംസ്ഥാനമായി പ്രഖ്യാപിച്ച് പ്രത്യേക പാക്കേജ് നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല.

(ഇ & എഫ്) വ്യാവസായിക പിന്നോക്ക സംസ്ഥാനമെന്ന രീതിയിൽ രൂപരേഖ തയ്യാറാക്കി കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടില്ല. എന്നാൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും നവീകരണത്തിനും, സംസ്ഥാനത്ത് പുതിയ പദ്ധതികൾ കേന്ദ്ര സഹായത്തോടെ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളും പ്രോജക്ട് റിപ്പോർട്ടുകളും കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

(ജി) അനുകൂലമായ നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത്.

(എച്ച്) പ്രയോജനമുണ്ട് എന്ന് ബോദ്ധ്യപ്പെട്ടാൽ പരിശോധിക്കാവുന്നതാണ്.

ബസ്സുകൾ സ്റ്റോപ്പുകളിൽ നിർത്തുന്നതിന് നടപടി

*12 [421] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളും കെ.എസ്.ആർ.ടി.സി. ബസ്സുകളും യാത്രക്കാരുടെ സൗകര്യത്തിനായി പണിതിരിക്കുന്ന ബസ് ഷെൽട്ടറുകളുടെ മുന്നിലും അംഗീകൃത സ്റ്റോപ്പുകളിലും നിർത്താതെ മാറി നിർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലമുണ്ടാകുന്ന ട്രാഫിക് ബ്ലോക്കുകളും അപകടങ്ങളും ഒഴിവാക്കുന്നതിനുവേണ്ടി ഈ വാഹനങ്ങൾ സ്റ്റോപ്പുകളിൽത്തന്നെ നിർത്തുന്നതിനും യാത്രക്കാർക്ക് കയറാനും ഇറങ്ങാനും ഉള്ള സൗകര്യം ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മോട്ടോർ വാഹന വകുപ്പും പോലീസും ഇക്കാര്യങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. - ബസ്സുകൾ സ്റ്റോപ്പുകളിൽത്തന്നെ നിർത്തണമെന്ന് കർശനമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. സ്റ്റോപ്പിൽ നിർത്താതെ പോകുന്ന ബസ്സുകളെ സംബന്ധിച്ച് പരാതികൾ ലഭിക്കുമ്പോൾ അവയ്ക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നു.

ബസ് ചാർജ്ജ് വർദ്ധന

*13 [422] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്ര തവണ ചാർജ്ജ് വർദ്ധന നടപ്പിലാക്കി, ഓരോ തവണയും വർദ്ധിപ്പിച്ച നിരക്കുകൾ എത്ര;

(ബി) കഴിഞ്ഞ നാലു വർഷത്തിനിടയിൽ ചാർജ്ജ് വർദ്ധന വിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം എത്രത്തോളം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പെട്രോൾ, ഡിസൽ വില വർദ്ധനവിനെ തുടർന്ന് ബസ് ചാർജ്ജുകൾ വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണനയിലാണോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഓർഡിനറി ബസ്സുകൾക്കുമാത്രം രണ്ടു പ്രാവശ്യവും മറ്റു എല്ലാ വിഭാഗം ബസ്സുകൾക്കും ഒരു പ്രാവശ്യവും ചാർജ്ജ് വർദ്ധിപ്പിച്ചു. ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. 28-9-2001-ലെ സ. ഉ. നമ്പർ 24/01/ട്രാൻ. പ്രകാരം താഴെ കൊടുത്തിട്ടുള്ള നിരക്കിൽ വർദ്ധിപ്പിക്കുകയുണ്ടായി:

ഓർഡിനറി	..	25%
ഫാസ്റ്റ് പാസഞ്ചർ	..	25%
സൂപ്പർ ഫാസ്റ്റ്	..	24%
സൂപ്പർ എക്സ്പ്രസ്	..	24%
സൂപ്പർ ഡീലക്സ്	..	26%

15-9-2004-ലെ സ. ഉ. 36/04/ട്രാൻ. പ്രകാരം ഓർഡിനറി സർവ്വീസുകൾക്ക് മാത്രം 20% വർദ്ധനവ് ഏർപ്പെടുത്തി.

(ബി) 1-10-2001-ൽ നിലവിൽ വന്ന വർദ്ധനവിനു മുമ്പുള്ള കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി വരുമാനം 47.50 കോടി രൂപയും ചാർജ്ജ് വർദ്ധനവിനു ശേഷമുള്ള ശരാശരി വരുമാനം 52.54 കോടിയും ആയിരുന്നു. വർദ്ധനവ് 5.04 കോടി രൂപയാണ്. 16-9-2004-ൽ നടപ്പിലാക്കിയ വർദ്ധനവിനു മുമ്പുള്ള 30 ദിവസത്തെ വരുമാനം 60.31 കോടി രൂപയും ചാർജ്ജ് വർദ്ധനവിനു ശേഷമുള്ള 30 ദിവസത്തെ

LIBRARY ARCHIVES Kerala Legislative Assembly